# അമേരിക്കൻ മലയാളികളുടെ വിവിധ ഓണാഘോഷങ്ങൾ – ഒരവലോകനം –

## *എ.സി. ജോർജ്ജ്*

അമേരിക്കൻ മലയാളികളുടെ പ്രത്യേക ജീവിത ചുറ്റുപാടിൽ ഓണമാഘോഷിക്കുന്നത് അവരവരുടെ ഭവനങ്ങളിലല്ല. അവർ ഓണമാഘോഷിക്കുന്നത് വിവിധ മലയാളി അസ്സോസിയേഷനുകളിലൂടെയാണ്. ഇവിടെയുള്ള മലയാളി സംഘടനകളിൽ അധികവും ആരംഭിച്ചത് ഓണം ആഘോഷിക്കാൻ വേണ്ടിയാണ്. ഓണം ആഘോഷിക്കാൻ കൂടിയ പല കൂട്ടായ്മകളും പിന്നീട് വിപുലമായ പദ്ധതികളും പരിപാടികളുമായി വലിയ മലയാളി പ്രസ്ഥാനങ്ങളും സംഘടനകളുമായി രൂപാന്തരപ്പെടുകയായിരുന്നു. ഇതിന് ധാരാളം അപവാദങ്ങളുണ്ടാകാം. ഇവിടത്തെ ഓരോ മലയാളി അസ്സോസിയേഷനുകളുടെയും ഒരു വർഷത്തിലെ ഏറ്റവും വലിയ സംഭവവും മഹോൽസവവും ഓണം തന്നെ. അമേരിക്കയിലെ ഓരോ മലയാളി സംഘടനകളുടേയും ഇക്കൊല്ലത്തെ ഓണം ഈ വാരാന്ത്യത്തോടെ ഏതാണ്ട് പര്യവസാനിച്ചല്ലൊ.

കണ്ടുകേട്ടറിഞ്ഞ വിവിധ മലയാളി അസ്സോസിയേഷനുകളുടെ ഓണാഘോഷങ്ങളുടെ ഹൃസ്വമായ ഒരു വിഹഗവീക്ഷണം നടത്തുകയാണ് ഈ ലേഖനത്തിലൂടെ. ഓണാഘോഷങ്ങളിലൂടെ നടത്തിയ ഈ ഓട്ടപ്രദക്ഷിണത്തിൽ എല്ലായിടത്തും ഓണസദ്യയും, മഹാബലിയുടെ എഴുന്നള്ളത്തും, തിരുവാതിരക്കളിയും ഉണ്ടായിരുന്നു എന്നുള്ളതാണ്.

ചില അസ്സോസിയേഷനുകളിൽ മുഖ്യാതിഥികളായി അമേരിക്കയിലെ പ്രാദേശിക രാഷ്ട്രീയ ഇലക്റ്റഡ് ഒഫീഷ്യൽസുമുണ്ടായിരുന്നു. ചില ഇടങ്ങളിൽ ഓണക്കാലത്തുമാത്രം തല പൊക്കുന്ന ചില ബുദ്ധിജീവികളുടെ തോരാത്ത നിലയ്ക്കാത്ത പ്രസംഗങ്ങൾ പെരുമഴയായി പെയ്തിറങ്ങി. ചിലയിടങ്ങളിൽ ഓഡിറ്റോറിയത്തിലുള്ളതിനേക്കാൾ കൂടുതലായി വിശിഷ്ടാതിഥികൾ സ്റ്റേജിൽ തിക്കിക്കയറി ഓണാഘോഷങ്ങളുടെ ഭദ്രദീപം മൽസരബുദ്ധിയോടെ തെളിയിച്ചു. ചില സ്വാഗതപ്രസംഗകർ ഓണത്തിന്റെ സത്യവും സത്തയും പൗരാണിക പശ്ചാത്തലവും സ്വാഗതവും മാത്രമല്ല നന്ദിപ്രസംഗവും കൂടെ നടത്തിയിട്ടേ സ്റ്റേജിൽനിന്ന് വിടവാങ്ങിയുള്ളൂ. പലയിടങ്ങളിലും "മലയാളം കൊരച്ച് കൊരച്ച് അരിയുന്ന" ഭാരവാഹികളുടെ സ്വന്തം കുട്ടികളെ – യുവപ്രതിഭകളെ തത്തപോലെ ഏതാണ്ടൊക്കെ അല്പസമയം അഭ്യസിപ്പിച്ച് മാസ്റ്റർ ഓഫ് സെറിമണിമാരാക്കി പരിപാടി ഏതാണ്ട് കുളവും ചളവുമാക്കി. പതിവുപോലെ മാതാപിതാക്കൾ അവരവരുടെ കുട്ടികളുടെ കലാപരിപാടികൾ ആദ്യം നടത്താൻ ധൃതികൂട്ടി. അവരുടെ കുട്ടികളുടെ ആട്ടം, പാട്ട് തുടങ്ങിയ കലാപരിപാടികൾക്ക് ശേഷം അവർ കുട്ടികളുമായി ഭവനം പറ്റി. മറ്റുള്ളവരുടെ പരിപാടികൾ ആസ്വദിക്കാനൊ അഭിനന്ദിക്കാനൊ ഉള്ള ക്ഷമയൊ മനസ്സൊ അവരിൽ കണ്ടില്ല.

ചെണ്ടമേളങ്ങളുടെ അകമ്പടിയോടെ താലപ്പൊലിയേന്തിയ തരുണീമണികളാണ് മഹാബലി തമ്പുരാനെ പലയിടത്തും എതിരേറ്റത്. അസ്സോസിയേഷൻ ഭാരവാഹികളും, ഫൊക്കാന, ഫോമ ഭാരവാഹികളും ക്ഷണിച്ചും ക്ഷണിക്കപ്പെടാതെയും വന്ന ചില മറ്റു ഭാരവാഹികൾ മാവേലിയുടെ ഘോഷയാത്രയിൽ മാവേലിയെപോലും പിൻതള്ളിക്കൊണ്ട് ഘോഷയാത്രയുടെ മുൻനിരയിൽ മാധ്യമകണ്ണുകളുടെ ശ്രദ്ധയിൽ പെടാൻ പ്രത്യേകം ശ്രമിക്കുന്നതായി തോന്നി.

അമേരിക്കയിലെ സംഘടനകളുടെ സംഘടന എന്നവകാശപ്പെടുന്ന ഫൊക്കാനയ്ക്കൊ ഫോമായ്ക്കൊ സ്വന്തമായി ഓണമാഘോഷിക്കാൻ ഒരിടവുമില്ല. മറ്റ് പ്രാദേശിക അസ്സോസിയേഷനുകളുടെ പന്തലുകളിലാണ് അവരുടെ ആഘോഷം. അവിടെയൊക്കെ പോയി ഓണമുണ്ണാനും ഘോഷയാത്രയിൽ മുൻനിരയിൽ എഴുന്നള്ളാനും സ്റ്റേജിൽ തിരികൊളുത്താനും മുഖ്യപ്രഭാഷണത്തിലൂടെ ഓണ സന്ദേശം നൽകാനും അവരുടെ ഇഷ്ടപ്രാദേശിക സംഘടനകളുടെ അനുകമ്പയോടെയുള്ള ക്ഷണക്കത്തും വിളിയും കാത്ത് അവർ കാത്തിരിക്കുകയാണെന്ന് മാത്രം. അതിൽ യാതൊരു കുഴപ്പമൊ അഭംഗിയൊ ഇല്ല. കാരണം ആ പ്രാദേശിക സംഘടനകൾ ഫൊക്കാനയുമായൊ, ഫോമായുമായൊ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അംഗസംഘടനകളാണല്ലൊ. മലയാളികളുടെ ഒരു ദേശീയ ഫെഡറൽ സംഘടനാ സംവിധാനമുണ്ടായിരുന്നപ്പോൾ അതിലെ നേതാക്കൾ പ്രാദേശികസംഘടനകളുടെ ഓണത്തിനെത്തിയിരുന്നപ്പോൾ കൂടുതൽ മതിപ്പും ബഹുമാനവും നേടിയിരുന്നു. ഇന്നിപ്പോൾ സംഗതിയാകെ മാറി. രണ്ട് ദേശീയ പ്രസ്ഥാനങ്ങളിൽ നിന്നും നേതാക്കളെത്തുമ്പോൾ ഏതു ഫെഡറേഷനിൽ നിന്നുള്ള നേതാവിനെ കൂടുതൽ മാനിക്കും. രണ്ടിലേയും നേതാക്കളെ തുല്യമായി മാനിക്കണ്ടെ. രണ്ടുകൂട്ടർക്കും ഓണസന്ദേശം നൽകാൻ സമയം കൊടുക്കേണ്ടതല്ലെ. അങ്ങനെ അംഗ സംഘടന

കൾക്കും ഈ പിളർപ്പ് ഒരു തലവേദനയും പ്രശ്നവുമാണ്. ഇതേമാതിരിയുള്ള പ്രായോഗിക പ്രശ്നങ്ങളെ ചൊല്ലി ചില പ്രാദേശിക മലയാളി അസോസിയേഷനുകൾ പിളർന്നു. ചിലയിടങ്ങളുൽ പുതിയ മലയാളി സംഘടനകൾ തന്നെ ഉടലെടുത്തു. ഇപ്രകാരമുള്ള സംഘടനകളുടെ ബാഹുല്യവും പിളർച്ചയും അവിടങ്ങളിലെ ഓണാഘോഷങ്ങളെ തന്നെ ബാധിച്ചതായി കണ്ടു. ഫൊക്കാനയുമായി അഫിലിയേറ്റു ചെയ്ത മലയാളി സംഘടനകളുടെ ഓണം ഫോമാക്കാരും, ഫോമായുമായി അഫിലിയേറ്റു ചെയ്ത സംഘടനയുടെ ഓണം ഫൊക്കാനക്കാരും ബഹിഷ്കരിച്ചതായി കണ്ടു. മലയാളികളെ ഒരേ പോലെ ഒന്നായിക്കാണാനായി ആഗ്രഹിച്ചിരുന്ന മഹാബലിചക്രവർത്തിയുടെ മഹത്തായ ഒരുമയുടെ സന്ദേശം കൂടെ ഉൾക്കൊള്ളുന്ന ഓണം ഇപ്രകാരം വിഘടിത ചിന്താശക്തികളോടെയാണൊ ആഘോഷിക്കേണ്ടത്. എന്നാൽ ചിലയിടങ്ങളിൽ ജനങ്ങൾക്ക് ഫൊക്കാനാ–ഫോമാ ചേരിതിരിപ്പ് ഒരു പ്രശ്നമായിരുന്നില്ല. അവർ സൗകര്യമനുസരിച്ച് ഈ രണ്ടുകൂട്ടർക്കും പ്രാമുഖ്യമുള്ള സംഘടനകളിൽ പോയി ഓണമുണ്ടു. ചില സംഘടനകളിൽ ഫൊക്കാനോ–ഫോമാ പ്രവർത്തകർ പരസ്പരം കൈകോർത്തുപിടിച്ച് തന്നെ ഓണാഘോഷങ്ങൾ നടത്തിയത് പ്രശംസനീയം തന്നെ. ഏന്നാൽ ചിലയിടങ്ങളിൽ മാവേലിയായി വേഷമിട്ടവരിൽ തന്നെ ഫൊക്കാനാ–ഫോമാ വിഘടിത ചിന്താഗതി ദർശിച്ചു. ചിലയിടത്ത് ഫൊക്കാനോ മാവേലിയും ചിലയിടങ്ങളിൽ ഫോമാ മാവേലിയും പാതാളത്തിൽ നിന്നെത്തി. ഏതൊരു വിധിവൈപരീത്യം.

ഇപ്പോൾ അമേരിക്കൻ മലയാളികളുടെ വിവിധ മത ആരാധനാലയങ്ങളിൽ ഓണം ആഘോഷിക്കുന്നതായി കാണുന്നു. ഈ പുതിയ പ്രവണത ശരിയൊ തെറ്റൊ ആശാവഹമൊ ആണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഓണം ഒരു നല്ല ആശയവും സന്ദേശവുമല്ലെ നൽകുന്നത്. അതിനാൽ ആരാധനാലയങ്ങളും അതു സ്വന്തമായി പ്രത്യേകമായി ആഘോഷിക്കുന്നതിൽ ഒരപാകതയുമില്ലായെന്ന് ഒരു കൂട്ടർ പറയുമ്പോൾ ഓണമെങ്കിലും ഓരോ മതത്തിന്റെയോ, മതാലയങ്ങളുടെയോ സ്വന്തം പേരിൽ ആഘോഷിക്കാതെ മതങ്ങൾക്കതീതമായ മലയാളികളുടെ സാമൂഹ്യ–സാംസ്കാരിക സംഘടനകളുടെ ആഭിമുഖ്യത്തിൽ ഒരു ചേരിതിരിവും വകഭേദവും കൂടാതെ എല്ലാമലയാളികളും ഒരുമയഓടെ ആഘോഷിക്കണം. മഹാബലി ചക്രവർത്തി എല്ലാ മലയാളികളുടേയും ഭരണകർത്താവായിരുന്നു. ഈ ഒരാഘോഷമെങ്കിലും എല്ലാമതസ്ഥർക്കും ഒരുമിച്ച് ആഘോഷിക്കാൻ അവസരം തരിക അല്ലെങ്കിൽ അവസരമൊരുക്കുക. ഓരോ മതസ്ഥർക്കും ആരാധനാലയങ്ങളും പ്രത്യേകം പ്രത്യേകം ഓണസദ്യയും തിരുവാതിരയും മാവേലിയുടെ എഴുന്നള്ളത്തും നടത്തിയാൽ, അതിൽ മാത്രം പങ്കെടുക്കാൻ മതാധികാരികൾ വിശ്വാസികളെ നിർബന്ധിച്ചാൽ ഏല്ലാ മലയാളികളുടേതുമായ സാമൂഹ്യ സംഘടനകളുടെ ഓണാഘോഷങ്ങൾ പ്രായേണ പ്രസക്തി നഷ്ടപ്പെട്ട് ശുഷ്കമായിത്തീരും. അതിനാൽ മതാധികാരികൾ ഓണത്തിന്റെ മഹത്തായ സന്ദേശം മനസ്സിലാക്കി വിശ്വാസികളെ ഓണത്തിന്റെ പൊതുവായ ആഘോഷങ്ങളിലേക്ക് പ്രോൽസാഹിപ്പിക്കണമെന്നുമുള്ള അഭിപ്രായത്തിലല്ലെ ന്യായവും യുക്തിയും. അതുപോലെതന്നെ പുരോഹിതർക്കും മതാധികാരികൾക്കും പ്രസംഗിക്കാനും സന്ദേശം നൽകാനും ആരാധനാലയങ്ങളിൽ ദിനവും പ്രത്യേക അവസരങ്ങളുണ്ടല്ലൊ. പിന്നെയെന്തിന് അവരെവീണ്ടും സാമൂഹ്യ സംഘടനകളുടെ ഓണാഘോഷങ്ങൾ തുടങ്ങിയ വേദികളിലേക്ക് മുഖ്യ പ്രഭാഷകരായും സന്ദേശവാഹകരായും ക്ഷണിക്കുന്നു. ഇതും ഒരുതരം നിരുൽസാഹപ്പെടുത്തേണ്ട സംഗതിയല്ലെ. അവരും പരിപാടികളിൽ വരട്ടെ സംബന്ധിക്കട്ടെ അത്രമാത്രം.

ഇന്ന് പുരോഹിതരേയും പൂജാരികളേയും എവിടെയും തിരികി കേറ്റുകയാണ് അല്ലെങ്കിൽ അവർതന്നെ എല്ലാ രംഗങ്ങളിലും തന്ത്രപൂർവ്വം ഇടിച്ച്കേറുകയാണ്. അവരുടെ പ്രസംഗങ്ങളെയൊ ചെയ്തികളെയൊ ചോദ്യം ചെയ്യാൻ ആരുമില്ലാതെ വരികയാണ്. അതിന് എല്ലാവർക്കും ഭയമാണ്. അവരിൽ ചിലർ ദേവാലയങ്ങളിലെന്ന പോലെ, അതേ രീതിയിൽ പൊതുവേദികളിലും നീട്ടിപ്പിടിച്ച് തലങ്ങും വിലങ്ങും പറഞ്ഞതുതന്നെ ശക്തിയായിട്ടും, ഊന്നിയും, തറപ്പിച്ചും അടിവരയിട്ടും പറഞ്ഞ് മനുഷ്യനെ കൊല്ലാക്കൊലചെയ്യുകയും വിലയേറിയ സമയം നഷ്ടമാക്കുകയും ചെയ്യുന്നു. ഏന്നാൽ ഒരു സംസ്കാരിക പൊതുപ്രവർത്തകനെ കാര്യമാത്രപ്രസക്തമായിപ്പോലും ഒന്നു വായതുറക്കാൻപോലും ആരും സമ്മതിക്കില്ല. അവർ പ്രസംഗം തുടങ്ങമ്പോഴെ പിറുപിറുക്കാനൊ കൂവാനൊ ഉള്ള ഒരു രീതിയാവും സംജാതമാകുക. ഓണാഘോഷങ്ങൾക്കെങ്കിലും പ്രത്യേക പ്രാസംഗികരും മുഖ്യാതിഥികളുമായി മതാധിപരെയല്ലാ പരിഗണിക്കേണ്ടത്. അവരേയും സാധാരണക്കാരായി ഓണത്തിൽ വന്ന് സംബന്ധിക്കുന്നതിനായി സ്വാഗതം ചെയ്യുക. ഓണത്തിനെങ്കിലും മതാധിഷ്ടിത സങ്കുചിത ചിന്ത കൈവെടിഞ്ഞ് എല്ലാ മലയാളികളും ഒരുമയോടെ ഓണമാഘോഷിക്കുകയാണ് വേണ്ടത്. ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും എന്ന ബൈബിൾ വചനം അനുസ്മരിക്കുക.

ആരാധനാലയങ്ങളിൽ ഓണത്തിന്റെ പ്രതീകമായി ഒരു ദിവസം പരമ്പരാഗത വേഷത്തിൽ വരുന്നതോ ഓണം ആശംസിക്കുന്നതോ ഒരല്പം ഓണപായസം വിളമ്പുന്നതോ അല്ലാ ഇവിടെ വിവക്ഷ. തെറ്റിദ്ധരിക്കരുത് ഇവിടെ വിവക്ഷിക്കുന്നത് വിവിധ മതസ്ഥരുമായി ഒരിക്കലെങ്കിലും ഒരേവേദിയിൽ ഒത്തുകൂടാനും ഓണം ആഘോഷിക്കാനുമുള്ള സന്ദർഭങ്ങളെ തികച്ചും ഒഴിവാക്കിക്കൊണ്ട് ഓണാഘോഷത്തിന്റെ പൂർണ്ണ ഉത്തരവാ

ദിത്തം ആരാധനാലയങ്ങൾ ഏറ്റെടുക്കുന്നതിനെയാണ് ഈ ലേഖകൻ എതിർക്കുന്നതും. ഓണമെങ്കിലും ദേവാലയങ്ങൾ എല്ലാ മതസ്ഥർക്കുമായി വിട്ടുകൊടുത്തു കൂടെ എന്നാണ് ചോദിക്കുന്നത്. അതുപോലെ ആ ആഘോഷത്തിലെങ്കിലും പൗരോഹിത്യ ഇടപെടലും മേധാവിത്വവും ഒഴിവാക്കിക്കൂടെ എന്നാണ് ചോദിക്കുന്നത്.

അമേരിക്കയിലെ വിവിധ ഓണാഘോഷങ്ങളിലൂടെ നടത്തിയ ഓട്ടപ്രദക്ഷിണത്തിന്റെ വെളിച്ചത്തിൽ നടത്തിയ ഒരവലോകനവും വിശകലനവും വിലയിരുത്തലുമാണ് ഇവിടെ നടത്തിയിരിക്കുന്നത്. നിഷ്പക്ഷ ചിന്താഗതിയോടെ നടത്തിയ ഈ വിഹഗ വീക്ഷണം ഇവിടെ പൂർണമാകുന്നില്ലായെന്നുകൂടെ രേഖപ്പെടുത്താനാഗ്രഹിക്കുന്നു.